**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **19-06-2024 - ൽ മറുപടിയ്ക്ക്**

**പള്ളാത്തുരുത്തി ഔട്ട് പോസ്റ്റ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി. നിർവ്വഹണ ഏജൻസിയായി നിർമ്മാണം നടത്തുന്ന പള്ളാത്തുരുത്തി ഔട്ട് പോസ്റ്റ് പാലം നിർമ്മാണത്തിനായി എത്രരൂപയാണ് വകയിരുത്തിയിട്ടുള്ളത്; | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതും, കെ.ആർ.എഫ്.ബി നിർവഹണ ഏജൻസിയായിട്ടുള്ളതുമായ പള്ളാത്തുരുത്തി ഔട്ട് പോസ്റ്റ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് 31.10.2016 തീയതിയിലെ സ.ഉ(സാധാ)നം.1496/2016/ പൊ.മ.വ ഉത്തരവ് പ്രകാരം 42 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 17.01.2018 തീയതിയിലെ APR-1/30/2018/KIIFB ഉത്തരവ് പ്രകാരം 59.50 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കുവേണ്ടി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ഈ ഭൂമിയിൽ കെട്ടിടങ്ങൾ ഉണ്ടോയെന്നും എങ്കിൽ എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും ഇവയുടെ മൂല്യനിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്കു വേണ്ടി 77.73 ആർ ഭൂമി ഏറ്റെടുക്കുന്നുണ്ട്. ഈ ഭൂമിയിൽ 18 കെട്ടിടങ്ങൾ ഉണ്ട്. ഭൂമിയുടെയും കെട്ടിടങ്ങളുടെയും മൂല്യനിർണയ നടപടികൾ പൂർത്തിയാക്കി നഷ്ടപരിഹാര തുകയായ 8.39 കോടി രൂപ ഉടമസ്ഥർക്ക് നൽകിയിട്ടുള്ളതും, കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. |
| (സി) | സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | ഡി.പി.ആർ. എന്നത്തേക്ക് തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 10.01.2024 തീയതിയിൽ അമ്പലപ്പുഴ എം.എൽ.എ-യുടെ സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ പാലം നിർമ്മാണവും, 1.25 കി.മീ അനുബന്ധ റോഡിന്റെ ഭൂമി ഏറ്റെടുക്കലും ഒന്നാം ഘട്ടമായി നടപ്പിലാക്കുന്നതിനും, റോഡിന്റെ നിർമ്മാണം രണ്ടാം ഘട്ടമായി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് 05.04.2024 തീയതിയിൽ പാലം പ്രവൃത്തിയുടെ അന്തിമ ഡിസൈൻ ഡ്രോയിംഗുകൾ ലഭ്യമാക്കുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായ ശേഷം പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ സമർപ്പിച്ച് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ